# SAMAGRA PLUS

## വാർഷിക മൂല്യനിർണ്ണയം 2024-25
## ക്ലാസ്സ് 7
## മലയാളം -അടിസ്ഥാന പാഠാവലി

Time : 2 മണിക്കൂർ Score : 25 മാർക്ക്

നിർദ്ദേശങ്ങൾ

1 മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാൻ ഉള്ളതാണ്.

2 ആകെ ആറ് പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള അഞ്ച് പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

### പ്രവർത്തനം 1 : വായിക്കാം എഴുതാം

#### തളരാതെ മുന്നോട്ട്

പ്രതിസന്ധികളിൽ തളരാതെ, വെല്ലുവിളികളെ സധൈര്യം നേരിട്ട് ജീവിത ലക്ഷ്യം നേടിയെടുത്ത് ശാരിക. സെറിബ്രൽ പാൾസിയെ അതിജീവിച്ച് ഇന്ത്യൻ സിവിൽ സർവീസിലെത്തുന്ന ആദ്യത്തെ വ്യക്തിയായി മാറിയിരിക്കുകയാണ് കോഴിക്കോട് കൊയിലാണ്ടി കീഴരിയൂർ സ്വദേശിനി ശാരിക എ കെ. ജന്മനാ രോഗബാധിതയായ ശാരികയ്ക്ക് ജനനം മുതൽക്കേ പേശികളുടെ ചലനം സാധ്യമായിരുന്നില്ല. ശരീരം തളർന്ന് വീൽച്ചെയറിലായെങ്കിലും ആഗ്രഹങ്ങൾക്ക് രോഗാവസ്ഥ തടസ്സമായില്ല. ഇടതുകൈയിലെ മൂന്നു വിരലുകൾ മാത്രമെ ചലിപ്പിക്കാൻ കഴിയുമായിരുന്നുള്ളുവെങ്കിലും ശാരികയുടെ ഇച്ഛാശക്തിക്ക് മുന്നിൽ പ്രതിസന്ധികൾ വഴിമാറി. ഐഎഎസിൽ ഇടംപിടിക്കണം എന്നായിരുന്നു ശാരികയുടെ ചെറുപ്പം മുതൽക്കുള്ള ആഗ്രഹം. രോഗത്തെ ഓർത്ത് വിഷമിച്ചിരിക്കാതെ ഇച്ഛാശക്തി കൊണ്ട് പൊരുതി സിവിൽ സർവീസ് പരീക്ഷയിൽ 922- ാം റാങ്ക് നേടിയിരിക്കുകയാണ് ശാരിക. പ്രാഥമിക പരീക്ഷയ്ക്ക് കോഴിക്കോട്ടെ സെന്ററിലേക്ക് അമ്മ എടുത്താണ് എത്തിച്ചത്. മാതാപിതാക്കളുടെയും സുഹൃത്തുക്കളുടെയും അധ്യാപകരുടെയും പിന്തുണയാണ് നേട്ടത്തിലേക്കെത്താൻ തന്നെ സഹായിച്ചതെന്നും തനിക്ക് മുമ്പിലുണ്ടായിരുന്ന സമയത്തെ ഫലപ്രദമായി വിനിയോഗിക്കുകയായിരുന്നുവെന്നും ശാരിക വ്യക്തമാക്കി. നമുക്ക് തീവ്രമായ ആഗ്രഹമുണ്ടെങ്കിൽ അത് നേടിയെടുക്കാൻ ലോകം നമ്മുടെ കൂടെ നിൽക്കുമെന്ന് തന്നെയാണ് ശാരികയ്ക്കും പറയുവാനുള്ളത്.

1) ശാരികയുടെ ജീവിതലക്ഷ്യം എന്തായിരുന്നു ?
   - ഡോക്ടറാവുക
   - ഐ എ എസ് നേടുക
   - പാട്ടുകാരിയാവുക
2) ശാരികയെ ബാധിച്ച അസുഖം ഏത്?
3) അസുഖത്തെ അതിജീവിച്ച് സിവിൽ സർവ്വീസ് നേടാൻ ശാരികയ്ക്ക് സാധിച്ചത് എങ്ങിനെ?
4) ശാരികയ്ക്ക് മറ്റുള്ളവരോട് പറയുവാനുള്ളത് എന്ത്?

## പ്രവർത്തനം 2 : എ) പ്രസംഗം

# കോരയാർപ്പുഴയിൽ മീനുകൾ ചത്ത നിലയിൽ

**പുതുശേരി**

പുതുശേരി നരകംപുള്ളി പാലത്തിനുസമീപം കോരയാർപ്പുഴയുടെ തടയണയിൽ മീനുകൾ ചത്തുപൊങ്ങിയ നിലയിൽ കണ്ടെത്തി. ഞായർ രാവിലെ ഏഴിനാണ് മീനുകളെ ചത്തനിലയിൽ കണ്ടത്. തൊട്ടടുത്ത സ്വകാര്യ കമ്പനിയിൽനിന്നുള്ള മാലിന്യം പുഴയിൽ തള്ളിയതാണ് കാരണമെന്ന് നാട്ടുകാർ പറഞ്ഞു. സംഭവത്തിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ തിങ്കളാഴ്ച പരിശോധന നടത്തും. മുമ്പും കോരയാർപ്പുഴയിൽ വ്യവസായ മേഖലയോടുചേർന്ന് മീനുകൾ ചത്തിരുന്നു.

**കോരയാർപ്പുഴയിൽ മീനുകൾ ▶ ചത്തുപൊങ്ങിയ നിലയിൽ**



കോരയാർപ്പുഴയിൽ മീനുകൾ ചത്തുപൊങ്ങിയ ചിത്രം ശ്രദ്ധിച്ചല്ലോ?
മുകളിൽ നൽകിയ വാർത്ത വായിച്ച് മലിനമാകുന്ന പുഴകൾ എന്ന വിഷയത്തെക്കുറിച്ച് ഒരു ലഘു പ്രസംഗം തയ്യാറാക്കുക.

ബി) 'ആറ്റിറമ്പ്' എന്ന നാട് ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?

- പൊന്മാനുകളുടെ നാട്
- കാക്കകളുടെ നാട്
- മീനുകളുടെ നാട്

## പ്രവർത്തനം 3 : എ) ആസ്വാദനക്കുറിപ്പ്

സച്ചിദാനന്ദന്റെ 'കൈകോർത്തവർ പറഞ്ഞത്' എന്ന കവിത നാം പഠിച്ചിട്ടുണ്ടല്ലോ . അദ്ദേഹത്തിന്റെ 'ഹരിതം' എന്ന കവിത വായിക്കൂ.

### ഹരിതം

ഒരു ഞരമ്പിപ്പോഴും പച്ചയായുണ്ടെന്നൊരില
തന്റെ ചില്ലയോടോതി.
ഇലയൊന്നു പൊഴിയാതെ ഇപ്പോഴും
ബാക്കിയുണ്ടെന്നൊരു ചില്ല കാറ്റിനോടോതി...
ഒരു ചില്ല കാറ്റിൽ കുലുങ്ങാതെ നില്പു-
ണ്ടെന്നൊരു മരം, പക്ഷിയോടോതി.
ഒരു മരം വെട്ടാതെ ഒരു കോണിൽ
കാണുമെന്നൊരു കാട് ഭൂമിയോടോതി.
ഒരു കാട് ഭൂമിയിൽ ബാക്കിയുണ്ടെ-
ന്നൊരു മല സ്വന്തം സൂര്യനോടോതി.
ഒരു സൂര്യനിനിയും കെടാതെയുണ്ടെന്നു ഞാൻ
പടരുന്ന രാത്രിയോടോതി,
അതു കേട്ടു ഭൂമിതൻ പീഢിതരൊക്കെയും
പുലരിയോടൊപ്പമുണർന്നു.
അവരുണർന്നപ്പൊഴേ പുഴകൾ പാടി
വീണ്ടും തളിരിട്ടു കരുണയും കാടും.
പുതു സൂര്യൻ മഞ്ഞിന്റെ തംബുരു മീട്ടി,
ഹാ! പുതുതായ് വാക്കും മനസ്സും
ഒരു ഞരമ്പിപ്പോഴും പച്ചയായുണ്ടെന്നൊരില
തന്റെ ചില്ലയോടോതി.

സച്ചിദാനന്ദൻ

ഭൂമിയിൽ എല്ലാം പരസ്പരം സഹകരിച്ചു കൊണ്ടാണ് നിലനിൽക്കുന്നത് അല്ലെ. അവസാനിക്കാത്ത പ്രതീക്ഷയാണ് ജീവിതത്തെ മുന്നോട്ടു നയിക്കുന്നത് .

ഹരിതം എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

ബി) 'കൈകോർത്തവർ പറഞ്ഞത്' എന്ന കവിതാഭാഗം സച്ചിദാനന്ദന്റെ ഏതു കവിതയിൽ നിന്നെടുത്തതാണ്?

- ബോധവതി
- മഴ
- എഴുത്തച്ഛനെഴുതുമ്പോൾ
- പ്രളയാവസാനം

## പ്രവർത്തനം 4 : വിശകലനകുറിപ്പ്

ചിത്രം ശ്രദ്ധിക്കൂ



SAMAGRA

വലയിൽ വീണ കിളികൾ എങ്ങനെയാവാം രക്ഷപ്പെട്ടത്?
അവർ ഒന്നിച്ച് പറന്നപ്പോഴല്ലേ....
ഇതുപോലെ ഒന്നിച്ച് നിന്നല്ലേ നാം പ്രളയത്തെ അതിജീവിച്ചത്.
'ഒത്തുപിടിച്ചാൽ മലയും പോരും' എന്ന പഴഞ്ചൊല്ലിനെ അടിസ്ഥാനമാക്കി ഒരു വിശകലനക്കുറിപ്പ് തയ്യാറാക്കുക.

ബി) അവസാനത്തെ ഇല കൊഴിഞ്ഞ രാത്രിയിൽ അവിടെ മറ്റൊരു ഇല പെയിൻറ് ചെയ്തതാരാണ്?

- ജോൺസി
- ബെർമാൻ
- സ്യൂ

## പ്രവർത്തനം 5 : പത്രാധിപർക്കുള്ള കത്ത്




ചില പത്രവാർത്തകളുടെ തലക്കെട്ടുകൾ വായിച്ചല്ലോ.
ഇതുപോലെ നിങ്ങളുടെ നാട്ടിലെ ഏതെങ്കിലും ഒരു സാമൂഹിക പ്രശ്നം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടി പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക.

ബി) 'തിരമുറിച്ച് കനവ് നെയ്തവർ' അടിവരയിട്ട പദത്തിന് പകരം പദം കണ്ടെത്തുക

- വിരഹം
- സന്തോഷം
- സ്വപ്നം
- അല

## പ്രവർത്തനം 6 : എ) കുറിപ്പ് തയ്യാറാക്കുക



ചിത്രം ശ്രദ്ധിച്ചല്ലോ.
ഒ. ഹെൻറിയുടെ അവസാനത്തെ ഇല എന്ന പാഠവുമായി ബന്ധപ്പെടുത്തി ചിത്രത്തിന്റെ ആശയത്തെ ഒരു കുറിപ്പായി എഴുതുക

ബി) "മരിക്കണമെന്നാഗ്രഹിക്കുന്നത് പാപമാണ്. ഇനി എനിക്കല്പം സൂപ്പ് തരൂ...... എനിക്ക് മുഖം നോക്കാനൊരു ചെറിയ കണ്ണാടി തരൂ.......... "
ജോൺസിയുടെ വാക്കുകളാണിവ.
താഴെ കൊടുത്തിരിക്കുന്നവയിൽ ജോൺസിയുടെ മനോനിലയുമായി യോജിക്കാത്തത് ഏത് ?

- വിശ്വാസം
- പ്രതീക്ഷ
- നിരാശ

*******************************************

## ഉത്തര സൂചിക

പ്രവർത്തനം 1 : വായിക്കാം എഴുതാം

1) ഐ എ എസ് നേടുക
2) സെറിബ്രൽ പാൾസി
3) മാതാപിതാക്കളുടെയും സുഹൃത്തുക്കളുടെയും അധ്യാപകരുടെയും പിന്തുണ സമയത്തെ ഫലപ്രദമായി വിനിയോഗിച്ചത്
4) നമുക്ക് തീവ്രമായ ആഗ്രഹമുണ്ടെങ്കിൽ അത് നേടിയെടുക്കാൻ ലോകം നമ്മുടെ കൂടെ നിൽക്കും (5)

പ്രവർത്തനം 2 : എ) പ്രസംഗം

- ✗ വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്
- ✗ ആശയങ്ങളുടെ ഭാവം മനസ്സിൽ തട്ടുംവിധം അവതരിപ്പിക്കാനുതകുന്ന ഭാഷ
- ✗ സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- ✗ പ്രസംഗത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്. (4)

ബി) പൊന്മാനുകളുടെ നാട് (1)

പ്രവർത്തനം 3 : എ) ആസ്വാദനക്കുറിപ്പ്

- ✗ കവിതയുടെ ആശയങ്ങൾ സ്വാംശീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട് .
- ✗ ഉദാഹരണങ്ങളും തെളിവുകളും ചേർത്ത് സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- ✗ കവിതയുടെ സൗന്ദര്യതലം, ആശയങ്ങളുടെ സമകാലിക പ്രസക്തി എന്നിവ കണ്ടെത്തി യുക്തിപൂർവ്വം അവതരിപ്പിച്ചിട്ടുണ്ട് .
- ✗ ഉചിതമായ ഭാഷ (4)

ബി) പ്രളയാവസാനം (1)

പ്രവർത്തനം 4 : എ) വിശകലനക്കുറിപ്പ്

- ✗ പ്രശ്നത്തെ/ സന്ദർഭത്തെ വിശകലനം ചെയ്ത് പ്രസക്തമായ ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- ✗ വിമർശനം/ വിശകലനം /നിരൂപണം ശക്തിയുക്തം അവതരിപ്പിക്കുന്നതിന് യോജിച്ച ഭാഷ പ്രയോഗിച്ചിട്ടുണ്ട്
- ✗ സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും ഉദാഹരണങ്ങൾ ചേർത്ത് വ്യക്തമാക്കിയിട്ടുണ്ട്
- ✗ ആശയം ചുരുക്കി പ്രതിപാദിച്ചിട്ടുണ്ട് . (4)

ബി) ബെർമാൻ (1)

പ്രവർത്തനം 5 : എ) പത്രാധിപർക്കുള്ള കത്ത്

- ✗ സംഭവത്തിന്റെ / പ്രശ്നത്തിന്റെ ആവശ്യമായ വിശദാംശങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്.
- ✗ അനുയോജ്യമായ ഭാഷ ( ഘടന , സവിശേഷ പ്രയോഗങ്ങൾ, ശൈലി എന്നിവയുടെ ഉപയോഗം)
- ✗ ഘടന പാലിച്ചിട്ടുണ്ട്. (അഭിസംബോധന, വിഷയാവതരണം, സ്വന്തം നിരീക്ഷണം, പ്രശ്ന പരിഹാര നിർദ്ദേശം) (4)

ബി) സ്വപ്നം (1)

പ്രവർത്തനം 6 : എ) കുറിപ്പ്

- ✗ ചിത്രവുമായി ബന്ധപ്പെട്ട ആശയം വ്യക്തമാക്കിയിട്ടുണ്ട്.
- ✗ നിരീക്ഷിച്ചു കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവ്വം സമർഥിച്ചിട്ടുണ്ട്.
- ✗ അനുഭവതീവ്രത ചോർന്നു പോകാതെ ചുരുക്കി അവതരിപ്പിച്ചിട്ടുണ്ട്. (4)

ബി) നിരാശ (1)

**********************************